**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 37** | **11-06-2024 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സോളാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | നാളിതുവരെ കേരളത്തിലാകെ 1.44 ലക്ഷം ഉപഭോക്താക്കൾ 808.89 MW ശേഷിയുള്ള പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ 1.32 ലക്ഷം ഗാർഹിക ഉപഭോക്താക്കളാണ്.<br><br>സംസ്ഥാന സർക്കാരിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായി നടപ്പിലാക്കിയ “സൗര” പദ്ധതിയിലൂടെയും കേന്ദ്ര പുനരുപയോഗ ഊർജ്ജ മന്ത്രാലയം അനുവദിച്ച സബ്സിഡി സ്കീം പ്രകാരവും, സ്വന്തം നിലയ്ക്ക് സ്ഥാപിച്ച പുരപ്പുറ സൗരോർജ്ജ നിലയങ്ങളും ഇതിൽ ഉൾപ്പെടുന്നു.<br><br>ഇപ്പോൾ കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം പുറപ്പെടുവിച്ച ഒരു കോടി വീടുകളിൽ സബ്സിഡിയോടുകൂടി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന "പി. എം. സൂര്യഘർ" പദ്ധതിയുടെ ഭാഗമായി ഒരു കിലോവാട്ടിന് 30,000 രൂപയും രണ്ട് കിലോവാട്ടിന് 60,000 രൂപയും, മൂന്ന് കിലോവാട്ട് മുതൽ മുകളിലോട്ട് 78,000 രൂപയും സബ്സിഡിയായി നൽകി വരുന്നു. ഈ പ്രകാരം 8999 പുരപ്പുറങ്ങളിൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് നൽകിവരുന്ന സബ്സിഡി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ? | (ബി) | പുരപ്പുറ സോളാർ പദ്ധതിക്ക് സബ്സിഡി നല്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) വഴിയാണ്. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) 1 കോടി വീടുകളിൽ സബ്സിഡിയോടുകൂടിയ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതിയായ **പി. എം. സൂര്യ ഘർ** പ്രഖ്യാപിക്കുകയും പഴയ സബ്സിഡി പദ്ധതികൾ നിർത്തലാകുകയും ചെയ്തു. നിലവിൽ 1 KW-ന് 30,000 രൂപയും, 2 KW-ന് 60,000 രൂപയും 3 KW- |

| | | | |
|---|---|---|---|
| | | | നും അതിനു മുകളിലോട്ടും 78,000 രൂപയുമാണ് സബ്സിഡി നല്കി വരുന്നത്. ഇതിനു **https://pmsuryaghar.gov.in** എന്ന നാഷണൽ പോർട്ടൽ വഴിയാണ് അപേക്ഷിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ